# പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1944   06.07.2015 ന് മറുപടിയ്ക്ക്.

## വനസംരക്ഷണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വനമേഖലയുടെ സംരക്ഷണത്തിനായി 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ജലസംരക്ഷണ പദ്ധതികൾ ആരംഭിക്കൽ, മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കൽ, പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കൽ, പട്ടികവർഗ്ഗ വിഭാഗത്തിലെ ചെറുപ്പക്കാരെ ടൂറിസ്റ്റ് ഗൈഡുകളാക്കൽ തുടങ്ങിയ പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിരുന്നോ; വിശദമാക്കാമോ; | (എ) വനമേഖലയുടെ സംരക്ഷണത്തിനായി 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ജലസംരക്ഷണ പദ്ധതികൾ ആരംഭിക്കൽ, മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കൽ, പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കൽ, പട്ടികവർഗ്ഗ വിഭാഗത്തിലെ ചെറുപ്പക്കാരെ ടൂറിസ്റ്റ് ഗൈഡുകളാക്കൽ തുടങ്ങിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.<br>ജലസംരക്ഷണ പദ്ധതികൾ - വനമേഖലയിലെ ജലസംരക്ഷണ പദ്ധതികളുമായി ബന്ധപ്പെട്ട് 2014-15 വർഷത്തിൽ സംസ്ഥാനത്തിന്റെ വനപ്രദേശങ്ങളിൽ തടയണകൾ, കുളങ്ങൾ എന്നിവ നിർമ്മിച്ച് പൂർത്തിയാക്കുകയോ അവയുടെ പണി ആരംഭിച്ച് പൂർത്തിയാക്കിക്കൊണ്ടിരിക്കുകയോ ആണ്.<br>മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കൽ - മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കൽ പദ്ധതി പ്രകാരം തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല, നെടുങ്കണ്ടം, കരുണാപുരം, വണ്ടൻമേട്, ചക്കുപള്ളം എന്നീ പഞ്ചായത്തുകളിൽ വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ നോർത്തേൺ സർക്കിളിൽ 15 ഹെക്ടർ ഭൂമിയിൽ വനവൽക്കരണം നടത്തിയിട്ടുണ്ട്.<br>പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ - പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി നോർത്തേൺ സർക്കിളിനു കീഴിലുള്ള കുറുവ ഇക്കോ ടൂറിസം പോയിന്റിൽ ഒരു ഇന്റർപ്രട്ടേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. തേക്കടിയിൽ ഒരു ഇന്റർപ്രട്ടേഷൻ സെന്റർ സ്ഥാപിക്കുന്നതിന്റെ നടപടികൾ ആരംഭിച്ചു വരുന്നു. ഹൈറേഞ്ച് സർക്കിളിനു കീഴിൽ കോട്ടയം, |

മറയൂർ, മാങ്കുളം ഡിവിഷനുകളിൽ പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ധാരാളം പ്രകൃതി ആസ്വാദന കേന്ദ്രങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

<u>മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കൽ</u> - 13.02.2015 തീയതിയിലെ ജി.ഒ (ആർ.റ്റി)68/2015/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള 25 ഫോറസ്റ്റ് സ്റ്റേഷനുകളെ NABARD-RIDF ധനസഹായത്തോടെ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകളാക്കുന്ന പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതു സംബന്ധിച്ചുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

<u>പട്ടികവർഗ്ഗ വിഭാഗത്തിലെ ചെറുപ്പക്കാരെ ടൂറിസ്റ്റ് ഗൈഡുകളാക്കൽ</u> - കേരളത്തിൽ നിലവിൽ ഇക്കോ ടൂറിസം നടപ്പിലാക്കിവരുന്നത് അതാത് പ്രദേശത്തെ പട്ടികവർഗ്ഗക്കാരുൾപ്പെടെയുള്ള വനാശ്രിതരായ ആളുകൾ അംഗങ്ങളായ വനസംരക്ഷണ സമിതികൾ / ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ മുഖേനയാണ്. ടി കമ്മിറ്റികളിലെ പട്ടികവർഗ്ഗക്കാരുൾപ്പെടെയുള്ള അംഗങ്ങളാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് ഗൈഡുകളായും മറ്റും പ്രവർത്തിച്ചു വരുന്നത്. ഇത്തരത്തിൽ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് ഗൈഡുകളെ നിയോഗിക്കുമ്പോൾ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മുൻഗണന നൽകാറുണ്ട്.

| | |
|---|---|
| (ബി) ഇതിനായി എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്; ഇതിൽ എത്ര തുക അനുവദിക്കപ്പെട്ടു; എത്ര തുക ചെലവഴിച്ചു; പ്രസ്തുത തുക ഉപയോഗിച്ച് നടപ്പാക്കുമെന്നറിയിച്ചിരുന്ന എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കാതെ അവശേഷിക്കുന്നു എന്ന് വ്യക്തമാക്കാമോ? | (ബി) മേൽപ്പറഞ്ഞ പദ്ധതികൾക്ക് പ്രത്യേകം പ്രത്യേകം ബഡ്ജറ്റ് ശീർഷകങ്ങൾ ഇല്ല. ടി പ്രവൃത്തികൾ, വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ചാണ് ചെയ്യുന്നത്. പരാമർശിത പദ്ധതികൾക്ക് നീക്കി വെച്ച ആകെ തുക 2979.59 ലക്ഷം രൂപയാണ്. ഇതിൽ 2250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത് നബാർഡ് സ്കീമിന്റെ കീഴിൽ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ്. ഇതിനുള്ള ടെൻഡർ നടപടികൾ നടന്നുവരുന്നു. ബാക്കിയുള്ള പ്രവൃത്തികൾക്ക് ചെലവാക്കിയിട്ടുള്ളത് 614.762 ലക്ഷം രൂപയാണ്.<br><br>മേൽപ്പറഞ്ഞ പ്രവൃത്തികൾ എല്ലാം തന്നെ നടപ്പിലാക്കിയിട്ടുള്ളവയോ, നടപ്പിലാക്കിക്കൊണ്ടിരിക്കുന്നവയോ, നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടുള്ളവയാണ്. |

സെക്ഷൻ ഓഫീസർ.